**കേരള കാർഷിക സർവ്വകലാശാല**
മെയിൻ കാമ്പസ്, വെള്ളാനിക്കര, തൃശ്ശൂർ - 680656

അക്കാഡ് സി1/2015/101/788 തീയതി :12/10/2015

## പത്രക്കുറിപ്പ്

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ നടത്തപ്പെടുന്ന ബി.എസ്.സി-എം.എസ്.സി. ഇന്റഗ്രേറ്റഡ് കോഴ്സുകളിലെ 2015-16 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് താഴെ പറയുന്ന വിഭാഗങ്ങളിൽ സീറ്റ് ഒഴിവുകൾ ഉണ്ട്.

ബി.എസ്.സി-എം.എസ്.സി. ഇന്റഗ്രേറ്റഡ് ബയോടെക്നോളജി - ജനറൽ -1
ബി.എസ്.സി-എം.എസ്.സി. ഇന്റഗ്രേറ്റഡ് ക്ലൈമറ്റ് ചെയിഞ്ച് അഡാപ്റ്റേഷൻ - വിശ്വകർമ്മ അല്ലെങ്കിൽ ധീവര - 1

കേരള കാർഷിക സർവ്വകലാശാല മേൽ പറഞ്ഞ കോഴ്സിലെ പ്രവേശനത്തിനായി 2015 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് മാത്രമായിരിക്കും പ്രവേശനം അനുവദിക്കുക. താല്പര്യമുള്ളവർ 2015 ഒക്ടോബർ 16 ന് രാവിലെ 11.00 മണിക്ക് കേരള കാർഷിക സർവ്വകലാശാലയുടെ തൃശ്ശൂർ വെള്ളാനിക്കര ആസ്ഥാനത്തെ അക്കാഡമിക് വിഭാഗത്തിൽ ഹാജരാകണം. ജനനത്തീയതി, യോഗ്യതകൾ മുതലായവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ /സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടിക്കാഴ്ചയിൽ ഹാജരാക്കണം. സംവരണ വിഭാഗങ്ങളിൽ പ്രവേശനം തേടുന്നവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ ഹാജരാക്കണം. ടി.സി, സി.സി മുതലായവ പ്രവേശനം ഉറപ്പാക്കിയ ശേഷം മാത്രം സമർപ്പിച്ചാൽ മതിയാകും. എന്നാൽ പ്രവേശനം ലഭിക്കുന്നവർ അന്നേ ദിവസം തന്നെ പ്രവേശന ഫീസ് ഒടുക്കേണ്ടതാണ്. വിശ്വകർമ്മ/ധീവര വിഭാഗത്തിലെ അപേക്ഷാർത്ഥികളുടെ അഭാവത്തിൽ ജനറൽ വിഭാഗക്കാരെ പരിഗണിക്കുന്നതാണ്.

പ്രവേശനം സംബന്ധിച്ച് വ്യക്തിഗത അറിയിപ്പുകൾ നൽകുന്നതല്ല.

**ഡയറക്ടർ (അക്കാഡ് & പി.ജി. സ്റ്റഡീസ്)**